പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3142 — 13-03-2017-ലെ മറുപടിയ്ക്ക്

**കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസമായി എത്ര രൂപ ഈ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്;ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | **(എ)** | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 28-02-2017 വരെ 63.828492 കോടി രൂപ വരൾച്ചാ ദുരിതാശ്വാസമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 3.5 |
| കൊല്ലം | 0.126994 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 1.25 |
| കോട്ടയം | 0.05 |
| ഇടുക്കി | 0.5 |
| എറണാകുളം | 2.5 |
| തൃശ്ശൂർ | 3.516498 |
| പാലക്കാട് | 12.6 |
| മലപ്പുറം | 3.5 |
| കോഴിക്കോട് | 5.75 |
| വയനാട് | 29.005 |
| കണ്ണൂർ | 1.53 |
| കാസർഗോഡ് | 0 |
| **ആകെ** | **63.828492** |

**(ബി)** സ്വകാര്യ വ്യക്തികളുടെ കുളങ്ങളും, കിണറുകളും മറ്റ് ജലസ്രോതസുകളും നികത്താതെ സംരക്ഷിക്കുവാൻ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ?

**(ബി)** 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളുടെ കുളങ്ങളും കിണറുകളും മറ്റ് ജലസ്രോതസ്സുകളും നികത്തുവാൻ കർശനമായി പാടില്ലാത്തതാണ്. എന്നാൽ നിയമം ലംഘിച്ച് പലയിടത്തും കുളങ്ങളും തോടുകളും ജലസ്രോതസ്സുകളും നികത്തപ്പെട്ടിട്ടുള്ളത് സർക്കാർ ഗൗരവമായി കാണുന്നു. ഇതു തടയുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ ഈ സർക്കാർ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. അതീവ ഗുരുതരമായ ജലക്ഷാമം നേരിടുന്ന പശ്ചാത്തലത്തിൽ നിയമം കർശനമായി പാലിച്ച് ജലസ്രോതസ്സുകളും, തണ്ണീർത്തടങ്ങളും, കുളങ്ങളും, കിണറുകളും സംരക്ഷിക്കുവാൻ ജനങ്ങൾകൂടി മുന്നിട്ടിറങ്ങേണ്ടതുണ്ട്. ഇതിനായി ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പുതലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ